ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.10.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ബ്രിക്സ് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങുമായി കൂടിക്കാഴ്ച നടത്തും.

   Prime Minister Narendra Modi will hold bilateral talks with Chinese President Xi Jinping on the sidelines of the BRICS summit in Kazan, Russia today.

2) ഇന്ത്യയുടെ ആയുഷ്മാൻ ഭാരത് ലോകത്തെ ഏറ്റവും മികച്ച സാമൂഹിക സുരക്ഷാ പദ്ധതികളിലൊന്നാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   Finance Minister Nirmala Sitharaman today said that the Ayushman Bharat Scheme is one of the best social security programs.

3) കേരളത്തിൽ ഉപതിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണം പുരോഗമിക്കുന്നു. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കും.

   Political parties intensified campaigning for by-elections in Kerala. Friday is the last day for filing nominations.

4) ബംഗളുരുവിൽ നിർമാണത്തിലിരുന്ന ബഹുനിലക്കെട്ടിടം ഇടിഞ്ഞുവീണുണ്ടായ അപകടത്തിൽ മരണസംഖ്യ അഞ്ചായി.

   The death toll in the under-construction building collapse incident in Bengaluru has risen to five as the rescue operation continues.

5) ബംഗാൾ ഉൾക്കടലിൽ ശക്തി പ്രാപിക്കുന്ന അതിതീവ്ര ചുഴലിക്കാറ്റ് ദാന, ഒഡീഷ തീരത്തേക്ക് അടുക്കുന്നു. തീരദേശജില്ലകളിൽ ജാഗ്രതാ നിർദ്ദേശം.

'Dana' is moving with a speed of 3 km per hour towards the Odisha coast and is likely to make landfall in between the coast of Kendrapara and Balasore district, more specifically near Dhamra port in Bhadrak district.

6) ഇന്ത്യ- ന്യൂസിലൻഡ് രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിന് നാളെ തുടക്കം.

India to take on New Zealand in 2nd Cricket test at Pune tomorrow.

**************************

**PM Brics**

ബ്രിക്സ് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങുമായി റഷ്യയിലെ കസാനിൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. കിഴക്കൽ ലഡാക്കിലെ അതിർത്തി രേഖയിലെ, സൈനിക പട്രോളിങ്ങുമായി ബന്ധപ്പെട്ട് ഇരു രാജ്യങ്ങളും ധാരണയിൽ എത്തിയതിന് പിന്നാലെയുള്ള കൂടിക്കാഴ്ചയ്ക്ക് നയതന്ത്രപരമായി വളരെയേറെ പ്രാധാന്യമുണ്ട്. ബ്രിക്സ് സമ്മേളനങ്ങളെയും ശ്രീ. മോദി ഇന്ന് അഭിസംബോധന ചെയ്യും. റഷ്യ, ഇറാൻ പ്രസിഡൻറുമാരുമായും പ്രധാനമന്ത്രി ഇന്നലെ ഉഭയകക്ഷി ചർച്ചകൾ നടത്തിയിരുന്നു. റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കേണ്ടതിൻറെ പ്രാധാന്യത്തെക്കുറിച്ച് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി നടന്ന കൂടിക്കാഴ്ചയിൽ ശ്രീ മോദി ചൂണ്ടിക്കാട്ടി. സമാധാനശ്രമങ്ങൾക്ക് ഇന്ത്യയുടെ പിന്തുണയും അദ്ദേഹം ഉറപ്പുനൽകി. പശ്ചിമേഷ്യൻ സംഘർഷം ചർച്ചകളിലൂടെ പരിഹരിക്കേണ്ടുന്നതിൻറെ ആവശ്യകതയെക്കുറിച്ച് ഇറാനിയൻ പ്രസിഡൻറ് മസൗദ് പെസഷ്കിയാനുമായി നടന്ന ചർച്ചയിൽ പ്രധാനമന്ത്രി വ്യക്തമാക്കി. സംഘർഷങ്ങൾ വർദ്ധിക്കുന്നത്

പൗരജീവിതത്തെ ബാധിക്കുന്നതിൽ ശ്രീ മോദി ആശങ്കയും രേഖപ്പെടുത്തി.

**************************

## FS BRIEFING – PM VISIT (INTRO)

റഷ്യൻ സൈന്യത്തിൽ അവശേഷിക്കുന്ന ഇന്ത്യൻ പൗരന്മാരെ മോചിപ്പിക്കുന്ന വിഷയം ഇന്ത്യൻ എംബസി പരിശോധിച്ച് വരികയാണെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി. എല്ലാവരെയും ഉടനെ ഇന്ത്യയിലെത്തിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇറാൻ പ്രസിഡന്റ് മസൂദ് പെസഷ്കിയനുമായി പ്രധാനമന്ത്രി നടത്തിയ കൂടിക്കാഴ്ചയിൽ ഇരുരാജ്യങ്ങളുമായുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ ധാരണയായതായും ശ്രീ മിസ്രി വ്യക്തമാക്കി.

( വോയിസ് )

റഷ്യൻ പ്രഡിസൻറ് വ്ളാഡിമിർ പുടിനും പ്രധാനമന്ത്രി നരേന്ദ്രമോദിയും തമ്മിൽ ഇന്നലെ നടന്ന കൂടിക്കാഴ്ചയിൽ ഇരു രാജ്യങ്ങളുടെയും പ്രതിരോധ സഹകരണത്തിലെ നിലവിലെ പുരോഗതിയിൽ സംതൃപ്തി രേഖപ്പെടുത്തിയതായും അദ്ദേഹം പറഞ്ഞു.

**************************

## SITHARAMAN –USA (INTRO)

ഏറ്റവും മികച്ച സാമൂഹിക സുരക്ഷാ പദ്ധതികളിലൊന്നാണ് ഇന്ത്യയുടെ ആയുഷ്മാൻ ഭാരത് എന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. യുഎസ്എയിലെ പെൻസിൽവാനിയ സർവകലാശാലയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി. 63 ദശലക്ഷത്തിലധികം പേർക്ക് പദ്ധതിയിലൂടെ ആശുപത്രി സേവനങ്ങൾ നല്കാൻ സാധിച്ചതായും മന്ത്രി പറഞ്ഞു . സാമ്പത്തിക സ്ഥിതിയോ, ജീവിത സാഹചര്യങ്ങളോ പരിഗണിക്കാതെ, 70 വയസ്സിന് മുകളിലുള്ള എല്ലാവർക്കും പദ്ധതിയുടെ സേവനം ലഭ്യമാക്കിയതായും

ധനമന്ത്രി വ്യക്തമാക്കി.
(വോയിസ് )

ഇന്ത്യയിലെ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങൾ രാജ്യത്തെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയാക്കിയതായും കേന്ദ്ര ധനമന്ത്രി പറഞ്ഞു.

**************************

## Wayanad – Election

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിലെ UDF സ്ഥാനാർത്ഥി പ്രിയങ്കഗാന്ധി അല്പസമയത്തിനകം നാമനിർദ്ദേശപത്രിക സമർപ്പിക്കും. കൽപ്പറ്റയിൽ നിന്ന് ആരംഭിച്ച റോഡ് ഷോയ്ക്ക് ശേഷമാണ് പത്രിക സമർപ്പിക്കുന്നത്. കോൺഗ്രസ് നേതാക്കളായ രാഹുൽഗാന്ധി, മല്ലികാർജുന ഖാർഗെ, സോണിയ ഗാന്ധി ഉൾപ്പെടെയുള്ളവർ റോഡ് ഷോയിൽ പങ്കെടുക്കുന്നുണ്ട്. വയനാട് മണ്ഡലത്തിലെ ഇടത് സ്ഥാനാർഥി സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസും നാളെ പത്രിക നൽകും. സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി വെള്ളിയാഴ്ച വരെയാണ്. നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലും മുന്നണികളുടെ പ്രചാരണ പരിപാടികൾ ഊർജിതമായി തുടരുകയാണ്. ചേലക്കരയിൽ എൽഡിഎഫ് സ്ഥാനാർത്ഥി യു ആർ പ്രദീപ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. യുഡിഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസ്, NDA സ്ഥാനാർത്ഥി കെ. ബാലകൃഷ്ണൻ എന്നിവരും ഇന്ന് പത്രിക നൽകും. അടുത്ത മാസം 13-നാണ് മൂന്നിടത്തും വോട്ടെടുപ്പ്.

**************************

## PM INTERNSHIP

നൈപുണ്യ വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പി എം ഇൻറേൺഷിപ്പ് പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്യാനുള്ള സമയ പരിധി മറ്റന്നാൾ അവസാനിക്കും. pminternship.mca.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ 21 നും 24 നും ഇടയിൽ പ്രായമുള്ളവർക്കാണ് അപേക്ഷ നൽകാൻ അവസരം. ഇതുവരെ

280 ലേറെ കമ്പനികൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒന്നേകാൽ ലക്ഷം ഇൻറേൺഷിപ്പ് അവസരങ്ങളാണ് ഈ സാമ്പത്തിക വർഷം ലക്ഷ്യമിടുന്നത്.

**************************

## ODISHA CYCLONE DANA

ബംഗാൾ ഉൾക്കടലിൽ ശക്തി പ്രാപിക്കുന്ന അതിതീവ്ര ചുഴലിക്കാറ്റ് ദാന, ഒഡീഷ തീരത്തേക്ക് കൂടുതൽ അടുക്കുന്നു. ഒഡീഷ-പശ്ചിമബംഗാൾ തീരത്ത് പുരിയ്ക്കും, സാഗർ ദ്വീപിനുമിടയിൽ നാളെ രാത്രിയോടെയോ, മറ്റെന്നാൾ രാവിലെയോടെയോ ചുഴലിക്കാറ്റ് തീരം തൊടുമെന്നാണ് കാലാവസ്ഥാ പ്രവചനങ്ങൾ. 100 മുതൽ 120 കിലോമീറ്റർ വരെ വേഗത പ്രതീക്ഷിക്കുന്ന ചുഴലിക്കാറ്റിൻറെ സ്വാധീനത്താൽ തീരമേഖലകളിൽ വ്യാപക മഴയ്ക്കും സാധ്യതയുണ്ട്. തീരദേശജില്ലകളിൽ നിന്നും ജനങ്ങളെ ഒഴിപ്പിക്കുന്ന നടപടികൾ ഒഡീഷയിൽ പുരോഗമിക്കുകയാണ്. 14 ജില്ലകളിലെ വിദ്യാലയങ്ങൾക്ക് ഇന്ന് മുതൽ മൂന്ന് ദിവസത്തെ അവധി നൽകിയിട്ടുണ്ട്. 198 ട്രെയിൻ സർവീസുകൾ ഈസ്റ്റ് കോസ്റ്റ് റെയിൽവേ റദ്ദാക്കി. ദുരന്തനിവാരണ സേനാ സംഘങ്ങളെയും അപകട സാധ്യതാ മേഖലകളിൽ വിന്യസിച്ചിട്ടുണ്ട്.

**************************

## KARNATAKA: BUILDING COLLAPSE

ബംഗളുരുവിൽ നിർമാണത്തിലിരുന്ന ബഹുനിലക്കെട്ടിടം ഇടിഞ്ഞുവീണുണ്ടായ അപകടത്തിൽ മരണസംഖ്യ അഞ്ചായി. രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇന്നലെ വൈകുന്നേരം തകർന്നു വീണ ആറ് നിലക്കെട്ടിടത്തിൻറെ അവശിഷ്ടങ്ങൾക്കിടയിൽ 21 തൊഴിലാളികളാണ് കുടുങ്ങിയത്. ഇതിൽ 13 പേരെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. അനധികൃതമായി നിർമാണ പ്രവൃത്തികൾ നടത്തിയതിന് കെട്ടിട ഉടമയ്ക്കും, കരാർ എടുത്തയാൾക്കുമെതിരെ കേസെടുത്തു.

**************************

## BSNL

ഉപഭോക്താക്കൾക്കായി അഞ്ച് പുതിയ സേവനങ്ങൾക്ക് രൂപം നൽകി ബി.എസ്.എൻ.എൽ. 4ജി സേവനങ്ങൾ ആരംഭിച്ചത് മുതൽ ബി.എസ്.എൻ.എൽ ഉപഭോക്താക്കളുടെ എണ്ണം 75 ലക്ഷത്തിൽ നിന്ന് 1.8 കോടിയായി വർദ്ധിച്ചതായും കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ അറിയിച്ചു. പുതിയ ബി.എസ്.എൻ.എൽ ലോഗോയുടെ പ്രകാശനവും അദ്ദേഹം ചടങ്ങിൽ നിർവഹിച്ചു. സ്പാം ഫ്രീ നെറ്റ്-വർക്ക്, നാഷണൽ വൈഫൈ റോമിങ്ങ്, ഇൻട്രാനെറ്റ് ഫൈബർ ടിവി തുടങ്ങിയ സേവനങ്ങളാണ് ബി.എസ്.എൻ.എൽ പുതിയതായി അവതരിപ്പിച്ചത്. സിമ്മുകൾ വാങ്ങുന്നതും, പോർട്ട് ചെയ്യുന്നതും ഉൾപ്പെടെയുള്ള സേവനങ്ങൾക്കായി പൂർണസമയ സിം കിയോസ്കുകളും ആരംഭിക്കും.

**************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 27 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 115-ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങൾ അറിയിക്കാവുന്നതാണ്.

**************************

## BANGLADESH- PRESIDENT

ബംഗ്ലാദേശിൽ പ്രസിഡൻ്റ് മുഹമ്മദ് ഷഹാബുദ്ദീൻ്റെ രാജി ആവശ്യപ്പെട്ട് നടന്ന പ്രതിഷേധത്തിൽ രണ്ട് മാധ്യമപ്രവർത്തകർ ഉൾപ്പെടെ അഞ്ച് പേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി ഒരു സംഘം പ്രതിഷേധക്കാർ പോലീസ് ബാരിക്കേഡ് തകർത്ത് പ്രസിഡന്റിന്റെ വസതിയിലേക്ക് കടക്കാൻ ശ്രമിക്കുകയായിരുന്നു. കൂടുതൽ സുരക്ഷക്കായി സൈന്യത്തെ പ്രദേശത്ത് വിന്യസിച്ചിട്ടുണ്ട്. ഷേഖ് ഹസീനയുടെ പ്രധാനമന്ത്രി സ്ഥാനത്തു നിന്നുള്ള രാജിയുമായി ബന്ധപ്പെട്ട് പ്രസിഡൻ്റ് മുഹമ്മദ് ഷഹാബുദ്ദീൻ

നടത്തിയ പരാമർശമാണ് പ്രതിഷേധങ്ങൾക്ക് കാരണം. ഷേഖ് ഹസീനയുടെ രാജിക്കത്തോ, മറ്റ് രേഖകളോ രാജി പ്രഖ്യാപനം സംബന്ധിച്ച് ലഭ്യമായിട്ടില്ലെന്നായിരുന്നു പരാമർശം. പ്രസിഡൻറ് അവാമി ലീഗിനെ പിന്തുണയ്ക്കുന്നതായി ആരോപിച്ചാണ് വിദ്യാർത്ഥി നേതാക്കൾ പ്രതിഷേധം ആരംഭിച്ചത്.

**************************

## HOCKEY INDIA GERMANY

ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള ഹോക്കി പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ ഉച്ചയ്ക്കുശേഷം മൂന്ന് മണിക്കാണ് മത്സരം തുടങ്ങുന്നത്. ഒരു ദശാബ്ദത്തിനു ശേഷം ഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര ഹോക്കി പരമ്പര കാണാൻ ഡിജിറ്റൽ ടിക്കറ്റിംഗ് സംവിധാനത്തിലൂടെ സൗജന്യ പ്രവേശനം ഒരുക്കിയിട്ടുണ്ട്. ഡിഡി സ്പോർട്സിലൂടെയും മത്സരം തത്സമയം കാണാം.

**************************

## Cricket

ഇന്ത്യ- ന്യൂസിലൻഡ് രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിന് നാളെ തുടക്കം. പൂനെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ രാവിലെ 9.30 നാണ് കളി ആരംഭിക്കുന്നത്. മൂന്നു മത്സര പരമ്പരയിൽ ഒരു ജയത്തോടെ ന്യൂസിലൻഡ് മുന്നിലാണ്.

**************************

**************

****